**Desabhimani**
**28 August 2018**
**Education,**
**Reopening,**
**Exam Post pone**

## സംസ്കൃത സർവകലാശാല: ക്ലാസ് സെപ്തം. 3ന് തുടങ്ങും

**കാലടി**

സംസ്കൃത സർവകലാശാല പ്രധാനകാമ്പസിൽ റഗുലർ ക്ലാസുകൾ സെപ്തംബർ 3ന് ആരംഭിക്കും. എന്നാൽ സർവകലാശാലയുടെ കീഴിലുള്ള മറ്റ് കോളേജിലെ ക്ലാസുകൾ ഓണഅവധി കഴിഞ്ഞ് 29ന് തന്നെ ആരംഭിക്കുമെന്ന് വൈസ് ചാൻസലർ ഡോ ധർമ്മരാജ് അടാട്ട് അറിയിച്ചു.

വൻപ്രളയത്തിൽ സർവകലാശാല ഓഫിസിലും ഹോസ്റ്റലിലും വെള്ളം കയറി കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം സംഭവിച്ചിരുന്നു .ശുചീകരണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ നടന്നുവരികയാണ്.

## എംജി പരീക്ഷകൾ മാറ്റിവച്ചു

**കോട്ടയം**

എംജി സർവകലാശാല 29, 30, 31 തീയതികളിൽ നടത്താനിരുന്ന മുഴുവൻ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും. എംജി സർവകലാശാലയിലെ എൻഎസ്എസ് വളണ്ടിയർമാർ അടക്കമുള്ള വിദ്യാർഥികൾ പ്രളയത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ശുചീകരണമടക്കമുള്ള പുനരുദ്ധാരണ ജോലികളിലും വ്യാപൃതരായിരുക്കതിനാലണ് പരീക്ഷകൾ മാറ്റിവച്ചതെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.